# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: 504 — 01/07/2014-ൽ മറുപടിക്ക്

## ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി ലഭ്യമാക്കുന്നതിലെ പുരോഗതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ഡോ. കെ.ടി. ജലീൽ :<br>ശ്രീ. കെ. രാധാകൃഷ്ണൻ :<br>ശ്രീ. കെ.വി. അബ്ദുൾ ഖാദർ :<br>ശ്രീ. വി. ചെന്താമരാക്ഷൻ: | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| എ | ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി ലഭ്യമാക്കുന്നതിലെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | എ | ഉണ്ട്.<br>ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി ലഭ്യമാക്കി പുനരധിവസിപ്പിക്കാനായി രൂപീകരിച്ചിട്ടുള്ള ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേനയുള്ള പ്രവർത്തനങ്ങൾ സംസ്ഥാന തലത്തിൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള എംപവേർഡ് മിഷൻ കമ്മിറ്റിയും ജില്ലാതലത്തിൽ കളക്ടർമാർ ചെയർമാൻമാരായുള്ള ജില്ലാ ടി.ആർ.ഡി.എം. കമ്മിറ്റികളും യഥാസമയം വിലയിരുത്തിവരുന്നു. വനാവകാശ നിയമപ്രകാരം ഭൂമി ലഭ്യമാക്കുന്നതിന്റെ പുരോഗതി അതു സംബന്ധിച്ച സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റിയും (എസ്.എൽ.എം.സി) ജില്ലാതല കമ്മിറ്റികളും (ഡി.എൽ.സി) സബ്ഡിവിഷണൽ തല കമ്മിറ്റികളും (എസ്.ഡി.എൽ.സി) വിലയിരുത്താറുണ്ട്. 2013-14 ൽ ആരംഭിച്ച സ്വകാര്യ ഭൂമി വിലകൊടുത്ത് വാങ്ങി നൽകുന്ന പദ്ധതിയുടെ പുരോഗതിയും പട്ടികവർഗ്ഗ വികസന വകുപ്പ് യഥാസമയം വിലയിരുത്തുന്നുണ്ട്. ഭൂമി വിതരണത്തിലെ പുരോഗതി വിലയിരുത്തുന്നതിനായി ജില്ലാ കളക്ടർമാരുമായി വീഡിയോ കോൺഫറൻസും നടത്തി വരുന്നു. |
| ബി | ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി ലഭ്യമാക്കുന്നതിന് എത്ര ഏക്കർ ഭൂമി ആവശ്യമാണെന്ന് കണക്കാക്കിയിട്ടുണ്ടോ; ഇതിനാവശ്യമായ ഭൂമി കണ്ടെത്തിയിട്ടുണ്ടോ; | ബി | കണക്കാക്കിയിട്ടുണ്ട്. ഇതിനാവശ്യമായ മുഴുവൻ ഭൂമിയും കണ്ടെത്തിയിട്ടില്ല. |
| സി | ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി ലഭ്യമാക്കുന്നതിന് സർക്കാർ ഏർപ്പെടുത്തുന്ന പല നിബന്ധനകളും ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി അപ്രാപ്യമാക്കുന്ന തരത്തിലുള്ളതാണെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ? | സി | അത്തരം ആക്ഷേപങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

R.V.

**സെക്ഷൻ ഓഫീസർ**